بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅഃ ഖുത്വ്ബ**

**സംഗ്രഹം**

**06-06-2025**

# സമൂഹമാധ്യമങ്ങളിൽ എതിരാളികളുടെ ആക്ഷേപങ്ങൾക്ക് മറുപടി നല്കുന്നത് സംബന്ധിച്ച ഉപദേശനിർദേശങ്ങൾ

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ - بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ -

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ الرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

ഇക്കാലത്ത് സോഷ്യൽ മീഡിയ ഗുണകരവും പ്രയോജനപ്രദവുമാണെങ്കിലും വേദനാജനകമായ ചില കാര്യങ്ങളും അതിലൂടെ നടക്കുന്നുണ്ട്. ഇത് മുതലെടുത്തുകൊണ്ട്, ഇന്ന് എതിരാളികൾ അഹ്മദിയ്യാ ജമാഅത്തിനെതിരിൽ അങ്ങേയറ്റം പുലഭ്യം പറഞ്ഞു കൊണ്ടിരിക്കുകയാണ്. വാഗ്ദത്തമസീഹ്(അ)നെതിരെ അവർ പറയുന്ന കള്ളങ്ങളും ഹീനമായ വാക്കുകളും കാരണം ഒരു അഹ്മദിയുടെ ഹൃദയത്തിന് മുറിവേൽക്കുന്നു. ഇവ കേൾക്കുന്ന ചില അഹ്മദികൾ പ്രതികരണമെന്നോണം തെറ്റായരീതിയിൽ മറുപടിനൽകാറുണ്ട്.അവരുടെഉദ്ദേശ്യശുദ്ധി ശരിയാണെങ്കിൽപോലും, ചിലപ്പോൾ തെറ്റായി വ്യാഖ്യാനിക്കപ്പെടാവുന്ന വാക്കുകൾ അവരിൽനിന്ന് പുറത്തു വരുന്നു. ഇത് നമ്മുടെ രീതിയല്ല. ഒരു അഹ്മദി ഇതിൽനിന്ന് വിട്ടു നിൽക്കേണ്ടതാണ്. മോശം ഭാഷ ഉപയോഗിക്കുകയോ, അറിയാതെയാണെങ്കിൽ പോലും ആരുടെയെങ്കിലും അന്തസ്സിന് ഹാനിവരുത്തുന്ന വാക്കുകൾ നമ്മുടെ നാവിൽനിന്ന് വരുന്ന രീതിയിൽ പ്രതികരിക്കുകയോ ചെയ്യുന്നത് നമ്മുടെജോലിയല്ല. ഇത് മുതലെടുത്ത് നാം തിരുനബി(സ)യെയോ സ്വഹാബികളെയോ(റ)-നൗദുബില്ലാഹ്- അപമാനിക്കുന്നവരാണെന്ന് എതിരാളികൾക്ക് പ്രചരിപ്പിക്കാൻ സാധിക്കും. എന്നാൽ നമ്മുടെ ഹൃദയങ്ങളിൽ തിരുനബി(സ)ക്കും സ്വഹാബികൾക്കുമുള്ള സ്ഥാനത്തിന്റെ കോടിയിലൊരംശംപോലും മനസ്സിലാക്കാനുള്ള കഴിവും ഗ്രാഹ്യവും ഈ ആളുകൾക്കില്ല. നമ്മുടെ സർവസ്വവും തിരുനബി(സ)ക്ക് വേണ്ടി സമർപ്പിക്കപ്പെട്ടതാണ്. ആ മഹാത്മാവ് തന്നെയാണ് അല്ലാഹുവിന് ഏറെ പ്രിയപ്പെട്ട ഖാത്തമുൽ അമ്പിയാഉം അവസാന പ്രവാചകനും. അവിടുത്തെ സഹചാരികളായ സ്വഹാബികളെക്കുറിച്ച് വാഗ്ദത്ത മസീഹ് (അ) അനേകം സ്ഥലങ്ങളിൽ പറഞ്ഞിട്ടുള്ള ഉത്തമ വാക്കുകൾ, നമ്മുടെ എതിരാളികളുടെ ചിന്തകൾക്കും അതീതമാണ്.

തീർച്ചയായും, നമ്മുടെ ഹൃദയങ്ങളിൽ പ്രവാചകൻ മുഹമ്മദ് നബിയുടെ (സ) സ്ഥാനം അതുല്യമാണ്. അതിനപ്പുറം മറ്റൊന്നിനും എത്താൻ കഴിയില്ല. അവിടുത്തെ സ്വഹാബികൾക്കും നമ്മുടെ ഹൃദയങ്ങളിൽ വലിയ സ്ഥാനമുണ്ട്. ഈ കാര്യം എല്ലാ അഹ്മദികളും ഓർത്തിരിക്കേണ്ടതാണ്. തെറ്റിദ്ധാരണകൾ ഉണ്ടാക്കുന്നതോ ഏതെങ്കിലു വിധത്തിൽ തെറ്റിധാരണ ഉണ്ടാകുമെന്ന ഉത്കണ ഉളവാക്കുന്നതോ ആയ കാര്യങ്ങളിൽ നിന്ന് എല്ലാ അഹ്മദികളും ഒഴിഞ്ഞുനിൽക്കണം. ചില അഹ്മദികൾ വിചാരിക്കുന്നത്, ഇത്തരം മറുപടികൾ നൽകുന്നതിലൂടെ തങ്ങൾ വലിയ അഭിമാനം പ്രകടിപ്പിച്ചു എന്നാണ്. അവരോട് ചോദിക്കുമ്പോൾ ഇതാണ് അവരുടെ മറുപടി. എന്നാൽ ഈ പൊള്ളയായ അഭിമാനപ്രകടനം വെറും അജ്ഞതയാണ്. ഒരു അഹ്മദിയായിട്ട് പോലും തെറ്റായ അർത്ഥം ധ്വനിക്കുന്ന കാര്യങ്ങൾ ആരെങ്കിലും സംസാരിച്ചാൽ, അത് ഹദ്റത്ത് മസീഹ് മൗഊദ് (അ)നെയും ജമാഅത്തിയെും അപകീർത്തിപ്പെടുത്തുന്നതിന് തുല്യമാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

'നിങ്ങൾ ക്ഷമ കൈകൊള്ളുകയാണ് വേണ്ടത്, എപ്പോഴും ക്ഷമ കാണിക്കുക.'

ഒരു സ്ഥലത്ത് അവിടുന്ന് പറഞ്ഞു: "'ഇവർ എന്നെ

ശകാരിക്കുന്നു, എന്നാൽ ഞാൻ അവരുടെ ശകാരങ്ങളെ കാര്യമാക്കുന്നില്ല, അതിൽ ദുഃഖിക്കുന്നുമില്ല. കാരണം, അവരുടെ ഈ അവസ്ഥ ബലഹീനതയാണ് പ്രകടിപ്പിക്കുന്നത്. അവരുടെ ബലഹീനതയും ദയനീയതയും ശകാരങ്ങളിലൂടെയല്ലാതെ അവർക്ക് മറച്ചുവെക്കാൻ കഴിയില്ല. ഇവർ നീചമായതും തരംതാണതുമായ ആയുധങ്ങൾ ഉപയോഗിക്കുന്നു, കാരണം അവരുടെ പക്കൽ യാതൊരു തെളിവുമില്ല, യാതൊരു മറുപടിയുമില്ല. അതുകൊണ്ട് ഈ ആളുകൾ ശകാരിക്കാൻ മാത്രമാണ് ആഗ്രഹിക്കുന്നത്.'"

അവിടുന്ന് പറയുന്നു: "'കുഫ്റിന്റെ ഫത്‌വകൾ പുറപ്പെടുവിക്കട്ടെ, കള്ളക്കേസുകൾ ഉണ്ടാക്കട്ടെ, പലതരം അപവാദങ്ങളും ആരോപണങ്ങളും ഉന്നയിക്കട്ടെ. അവർ അവരുടെ എല്ലാ ശക്തികളും ഉപയോഗിച്ച് എന്നെ നേരിടട്ടെ, അന്തിമവിധി ആർക്ക് അനുകൂലമായിരിക്കുമെന്ന് അവർക്ക് കാണാം. നിങ്ങൾക്ക് ചെയ്യാൻ കഴിയുന്ന എല്ലാ ശ്രമങ്ങളും ചെയ്യുക, എന്നാൽ അല്ലാഹു എന്നോടൊപ്പമുണ്ട്. അന്തിമവിധി ആരുടെ പക്ഷത്താണെന്ന് അപ്പോൾ കാണാം.'"

അവിടുന്ന് പറഞ്ഞു: "'ഞാൻ അവരുടെ ശകാരങ്ങളെ കാര്യമാക്കുകയാണെങ്കിൽ, ദൈവം എന്നെ ഏൽപ്പിച്ച യഥാർത്ഥ ജോലി മുടങ്ങി പോകുന്നതാണ്. അതുകൊണ്ട്, ഞാൻ അവരുടെ ശകാരങ്ങളെ കാര്യമാക്കാത്തത് പോലെ, എന്റെ ജമാഅത്തിനെ ഞാൻ ഉപദേശിക്കുന്നു, അവരുടെ ശകാരങ്ങൾ കേട്ട് സഹിക്കുക. ഒരു കാരണവശാലും ശകാരത്തിന് ശകാരം കൊണ്ട് മറുപടി നൽകരുത്, കാരണം അങ്ങനെ ചെയ്താൽ ബറകത്ത് (അനുഗ്രഹം) ഇല്ലാതാകും. അവർ ക്ഷമയുടെയും സഹനത്തിന്റെയും മാതൃക കാണിക്കട്ടെ, അവരുടെ സ്വഭാവഗുണങ്ങൾ പ്രകടിപ്പിക്കട്ടെ. തീർച്ചയായും ഓർക്കുക, ബുദ്ധിയും വികാരങ്ങളും തമ്മിൽ അപകടകരമായ ശത്രുതയുണ്ട്. വികാരങ്ങളും ദേഷ്യവും വരുമ്പോൾ ബുദ്ധിക്ക് നിലനിൽക്കാൻ കഴിയില്ല. എന്നാൽ ക്ഷമിക്കുന്നവനും സഹനത്തിന്റെ മാതൃക കാണിക്കുന്നവനും ഒരു പ്രകാശം നൽകപ്പെടുന്നു, അതുവഴി അവന്റെ ബുദ്ധിയുടെയും ചിന്തയുടെയും ശക്തികളിൽ ഒരു പുതിയ പ്രകാശം ഉദയം കൊള്ളുന്നു, ആ പ്രകാശത്തിൽ നിന്ന് വീണ്ടും പ്രകാശം ഉണ്ടാകുന്നു. ദേഷ്യത്തിന്റെയും വികാരങ്ങളുടെയും അവസ്ഥയിൽ ഹൃദയവും തലച്ചോറും ഇരുണ്ടുപോകുന്നതുകൊണ്ട്, ഇരുട്ടിൽ നിന്ന് ഇരുട്ട് മാത്രമേ ഉണ്ടാകൂ.'"

ഈ പാഠം നാം എപ്പോഴും ഓർത്തിരിക്കേണ്ടതാണ്. സ്വയംപ്രഖ്യാപിത പണ്ഡിതന്മാരായി സാമൂഹിക മാധ്യമങ്ങളിൽ മറുപടി നൽകുന്ന ചില ആളുകളുണ്ട്. അനഹ്മദികളായ മുല്ലാ വർഗത്തിന്റെ ആരോപണങ്ങൾക്ക് ഇവർ മറുപടി നൽകാൻ തുടങ്ങുന്നു. ഇങ്ങനെയുള്ള കാര്യങ്ങളിൽ നിന്ന് അവർ ഒഴിഞ്ഞുനിൽക്കണം. യഥാർത്ഥത്തിൽ മറുപടികൾ കണ്ടെത്തേണ്ടതുണ്ടെങ്കിൽ, ജമാഅത്തിന്റെ സാഹിത്യങ്ങളെക്കുറിച്ച് ഗഹനമായ അറിവുള്ള ജമാഅത്തിലെ പണ്ഡിതന്മാരുമായി ബന്ധപ്പെടുക. അവരോട് ചോദിച്ച് മനസ്സിലാക്കുക. അത്തരം മറുപടികൾ ശക്തവും, അവരുടെ വാദങ്ങളെയും ആരോപണങ്ങളെയും ഖണ്ഡിക്കുന്നതുമായിരിക്കണം.

ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ അധ്യാപനങ്ങൾ അഥവാ യഥാർത്ഥ ഇസ്‌ലാമിക അധ്യാപനങ്ങൾ അനുസരിച്ച് പ്രവർത്തിക്കുക. അല്ലാത്തപക്ഷം, നിങ്ങൾ ജമാഅത്തിൽ ആയിരുന്നിട്ടും ജമാഅത്തിനെ അപകീർത്തിപ്പെടുത്തുന്നവരായി മാറും. ദുഷ്ടന്മാരുടെ തിന്മകളിൽ നിന്ന് അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ. വ്യാജ അഭിമാനബോധം പ്രകടിപ്പിക്കുന്നവർക്കും, ചിലപ്പോൾ അനാവശ്യമായി ചില വാക്കുകൾ ഉപയോഗിച്ച് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നവർക്കും അല്ലാഹു വിവേകം നൽകട്ടെ.

സാമൂഹിക മാധ്യമങ്ങളിൽ മറുപടികൾ നൽകുന്നതിന് പകരം, അല്ലാഹുവിന്റെ മുന്നിൽ തലകുനിക്കുകയാണെങ്കിൽ, നമ്മുടെ നമസ്കാരങ്ങൾ ഭംഗിയാക്കി നിർവഹിക്കുകയാണെങ്കിൽ, അല്ലാഹുവിന്റെ രോഷംആളിക്കത്തുന്ന തരത്തിലുള്ള വേദന നമ്മുടെ സുജൂദുകളിൽ സംജാതമാക്കുകയാണെങ്കിൽ, ഈ ആളുകൾ മറുപടികൾ നൽകി നേടാൻ ആഗ്രഹിക്കുന്നതിനേക്കാൾ മികച്ച ഫലങ്ങൾ വളരെ വേഗം നമുക്ക് നേടാൻ കഴിയും. അതുകൊണ്ട്, അനാവശ്യമായി ശത്രുക്കൾക്ക്, അഹ്മദികൾ ഇത് പറഞ്ഞു, അത് പറഞ്ഞു" എന്ന് പറയാൻ അവസരം നൽകാതിരിക്കാൻ ഓരോ അഹ്മദിയും ശ്രദ്ധിക്കണം. നമ്മുടെ സ്വഭാവം വളരെ ഉന്നതവും ശ്രേഷ്ഠവുമായിരിക്കണം. ആരുടെ സ്വഭാവം ഉന്നതമല്ലയോ, അവൻ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ബൈഅത്തിന്റെ കടമ നിറവേറ്റാത്തവരാണ്.

അതുകൊണ്ട്, നമ്മൾ സ്വയം വിലയിരുത്തലുകൾ നടത്തണം. ഓരോരുത്തരും സ്വന്തം നിലയ്ക്ക് ചിന്തിക്കുക. തെറ്റായ മറുപടികൾക്ക് പകരം പ്രാർത്ഥനകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുക. അല്ലാഹു നമുക്ക് എല്ലാവർക്കും അതിനുള്ള തൗഫീഖ് നൽകട്ടെ, എതിരാളികളുടെ തിന്മകൾ അവർക്ക് നേരെ തിരിക്കട്ടെ, അതിൽ നിന്ന് നമ്മെ കാത്തുരക്ഷിക്കട്ടെ.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَ نَتَوَکَّلُ عَلَیْہِ وَ نَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ۔ وَنَشْہَدُ اَنْ لَّآ اِلٰہَ اِلَّا اللّٰہُ وَنَشْہَدُ اَنَّ مُحَمَّدًا عَبْدُہٗ وَ رَسُوْلُہٗ۔ عِبَادَ اللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِ ذِی الْقُرْبٰی وَ یَنْھٰی عَنِ الْفَحْشَاءِ وَالْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ یَذْکُرْکُمْ وَادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ۔

**(വിവർത്തനം: മൗലാനാ എം നാസിർ അഹ്മദ് H.A)**